# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR(P 11)125/2023.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 31/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR(P 11)125/2023. തീയ്യതി: 31/03/2023

## തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 23-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹയർഗ്രേഡ്) | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ രവീന്ദ്രൻ.പി.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ പ്രദീപ്.കെ | സെക്രട്ടറി | 01-04-2021 | 28-06-2021 |

| | | | |
|---|---|---|---|
| ശ്രീ വാസുദേവൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-06-2021 | 05-07-2021 |
| ശ്രീ സുരേഷ്.കെ.ആർ | സെക്രട്ടറി | 06-07-2021 | 23-07-2021 |
| ശ്രീ വാസുദേവൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-07-2021 | 27-07-2021 |
| ശ്രീ ജോൺ പി ആർ | സെക്രട്ടറി | 28-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വാസുദേവൻ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി സുജയ എ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ അഭിമന്യു.ടി.ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി നിർമ്മലാദേവി പി സി | പ്രധാനാധ്യാപിക | 01-04-2021 | 31-03-2022 |
| രമ്യമോൾ കെ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 28-11-2021 |
| ശ്രീമതി നിത കെ എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 29-11-2021 | 31-03-2022 |
| ഡോ. ശ്രീജ വി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.സുഹാസ് നാരായണൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ ഹേനജോയ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. സിന്ധു ആർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-08-2021 |
| ഡോ ലീന | സീനിയർ വെറ്ററിനറി സർജൻ | 01-09-2021 | 30-09-2021 |
| ഡോ. സിന്ധു ആർ | സീനിയർ വെറ്ററിനറി സർജൻ | 01-10-2021 | 31-03-2022 |
| ശ്രീ മഹേഷ് വി സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 30-11-2021 |
| ശ്രീമതി സുഷമ സി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-12-2021 | 31-03-2022 |
| ശ്രീമതി ജോയ്സി ജേക്കബ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുമിത ഇ വി | വില്ലേജ്എക്സ്റ്റൻഷൻ | 01-04-2021 | 30-09-2021 |

| | | | |
|---|---|---|---|
| | ഓഫീസർ ,കണ്ണാറ സർക്കിൾ | | |
| ശ്രീമതി രശ്മി നായർ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ,കണ്ണാറ സർക്കിൾ | 01-10-2021 | 31-03-2022 |
| ശ്രീമതി സുമിത ഇ വി | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ,വീണിയമ്പാറ സർക്കിൾ | 01-04-2021 | 20-10-2021 |
| ശ്രീമതി നിജ്ഞ ജോസ് | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ,വീണിയമ്പാറ സർക്കിൾ | 21-10-2021 | 31-03-2022 |
| ശ്രീമതി മീര ആർ വാര്യർ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ,പട്ടിക്കാട് സർക്കിൾ | 01-04-2021 | 30-09-2021 |
| ശ്രീമതി ഷീജ എം എസ് | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ,പട്ടിക്കാട് സർക്കിൾ | 01-10-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബഡ്ജററ് രൂപീകരണം - നിയമവ്യവസ്ഥകൾ പാലിച്ചില്ല | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം | 1-2 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച് | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം. | 1-9 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-10 |
| 12 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-10-1 |
| 13 | വസ്തു നികുതി-റെസിഡൻഷ്യൽ - രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 14 | വസ്തു നികുതി നോൺ റെസിഡൻഷ്യൽ - ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-10-3 |
| 15 | വസ്തുനികുതി കുടിശ്ശിക-സഞ്ചയയും സാംഖ്യയും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 16 | ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല. | 1-10-5 |
| 17 | വസ്തുനികുതി ഡിമാന്റ് ഒറ്റത്തവണയായി രേഖപ്പെടുത്തുന്നു | 1-10-6 |
| 18 | വാടക ഡിമാന്റ് ഒറ്റത്തവണയായി രേഖപ്പെടുത്തിയിരിക്കുന്നു | 1-10-7 |
| 19 | വസ്തുനികുതി മുൻകൂർ സഞ്ചയയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല. | 1-10-8 |
| 20 | പ്രയർ പീരിഡ് ഇനങ്ങൾ - വരുമാനമായി ക്രമീകരിച്ച തുകകൾക്കും എഴുതിതള്ളിയ തുകകൾക്കും ആധാരമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. | 1-10-9 |
| 21 | മുൻകൂർ ആയി ലഭിച്ച തുകകൾ ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-10-10 |
| 22 | കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-10-11 |
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-12 |
| 24 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-13 |

| | | |
|---|---|---|
| 25 | ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ,ലോൺറെജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-10-14 |
| 26 | ബാങ്ക് പാസ് ബുക്ക് ,റീകൺസീലിയേഷൻ പത്രിക എന്നിവ ഹാജരാക്കിയിട്ടില്ല | 1-10-15 |
| 27 | ബാങ്കുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-10-16 |
| 28 | രശീതി പരിശോധന-അപാകത | 1-11 |
| 29 | പണം പിൻവലിക്കലുകളുടെ ആധികാരികത ഉറപ്പുവരുത്താനായില്ല | 1-12 |
| 30 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-13 |
| 31 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-14 |
| 32 | ലൈസൻസ് - ചട്ടങ്ങൾ പാലിക്കേണ്ടതാണ്. | 1-15 |
| 33 | പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ് | 1-16 |
| 34 | ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല. | 1-17 |
| 35 | ക്രമവത്കരണം- രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. | 1-18 |
| 36 | ഉപയോഗക്രമം മാറി വസ്തുനികുതി നിർണയിച്ചു | 1-19 |
| 37 | വാടക പിരിച്ചെടുക്കുന്നതിലെ അപാകത | 1-20 |
| 38 | അപേക്ഷകയുടെ മരണശേഷം പെൻഷന് അംഗീകാരം നൽകി | 1-21 |
| 39 | ലഭിച്ചതും നൽകുവാനുള്ളതുമായ ചെക്കുകളിൽ സമയബന്ധിതമായ തുടർനടപടി സ്വീകരിച്ചിട്ടില്ല | 1-22 |
| 40 | ഹരിതകർമ്മസേന തുടർപ്രവർത്തനങ്ങൾ | 1-23 |
| 41 | സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു | 1-24 |
| 42 | എസ്.ടി വിദ്യാർത്ഥികൾക്ക് മേശ ,കസേര എന്നിവ വാങ്ങി. നാളിതു വരെ വിതരണം ചെയ്തിട്ടില്ല. | 1-25 |
| 43 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-26 |
| 44 | ക്രിമിറ്റോറിയത്തിലേക്ക് ജനറേറ്റർ വാങ്ങി. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്നു.582523 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-27 |
| 45 | ഡസ്ക് ടോപ്പ് കംപ്യൂട്ടറിനായി കെൽട്രോണിന് അധികം തുക നൽകിയത് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-28 |
| 46 | കുടിവെള്ളപദ്ധതിക്ക് ട്രിപ്പ് കണക്കാക്കിയത്. ജി.പി.എസ് റിപ്പോർട്ടിൽ ട്രിപ്പിന്റെ എണ്ണം വ്യക്തമല്ല.ചെലവു നടപടി തടസ്സപ്പെടുത്തുന്നു. | 1-29 |
| 47 | തൊഴിലുറപ്പ് പദ്ധതി ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ | 1-30 |
| 48 | കുടിവെള്ള പദ്ധതികൾക്ക് ഇലക്ട്രിസിറ്റി ചാർജ് അടവാക്കുന്നത് | 1-31 |

| | | |
|---|---|---|
| | നിയമപരമാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. | |
| 49 | SC വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം-പട്ടികജാതി വകുപ്പിൽ നിന്നും ലാപ്ടോപ് ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-32 |
| 50 | ST വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം-പട്ടികവർഗ്ഗവകുപ്പിൽ നിന്നും ലാപ്ടോപ് ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-33 |
| 51 | SC,STസാംസ്കാരിക നിലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം | 1-34 |
| 52 | വനിതാ സൗഹൃദ പഞ്ചായത്ത്-സർവ്വേ നടത്തിയതിന് തുക നൽകിയത്-സർവ്വേ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല | 1-35 |
| 53 | സ്കൂട്ടർ വിത്ത് സൈഡ് വീൽ-ലേണേഴ്സ് ലൈസൻസ് ഇല്ലാത്ത ഗുണഭോക്താവിന് സ്കൂട്ടർ നൽകി | 1-36 |
| 54 | ദുരിതാശ്വാസ നിധി - നിയമവ്യവസ്ഥകൾക്കനുസൃതമായ നടപടികളില്ല. | 1-37 |
| 55 | അക്കൗണ്ടിങ്ങ് നയങ്ങളിലെ വ്യവസ്ഥ പാലിച്ചില്ല. | 1-38 |
| 56 | യൂത്ത് സെന്റർ കുടിവെള്ള പദ്ധതി - സമസബന്ധിതമായി പൂർത്തീകരിച്ചില്ല | 1-39 |
| 57 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം രേഖപ്പെടുത്തിയില്ല. | 1-40 |
| 58 | സ്പിൽ ഓവർ പദ്ധതികളുടെ എണ്ണത്തിലുള്ള വർദ്ധന | 1-41 |
| 59 | മരാമത്ത് പ്രവൃത്തികളിൽ മോണിട്ടറിങ്ങിന്റെ അഭാവം | 1-42 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ചെലഴിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 23.02.2021 , 1(1) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 397699500 | 394142510 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 30.03.2022, തീരുമാനം1(1 ) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 397699500 | 390542510 |

### 1-1-1 ബഡ്ജററ് രൂപീകരണം - നിയമവ്യവസ്ഥകൾ പാലിച്ചില്ല

ഒരു നിശ്ചിത കാലയളവിൽ ഒരു സ്ഥാപനത്തിനുണ്ടായേക്കാവുന്ന ചെലവുകളുടെയും വരവുകളുടെയും ഇനം തിരിച്ചുള്ള സംക്ഷിപ്തമാണ് ബഡ്ജറ്റ്. സാമ്പത്തിക ആസൂത്രണത്തിന് ഒരു സ്ഥാപനത്തിന് ആശ്രയിക്കാവുന്ന ഏറ്റവും ഫലപ്രദമായ ഉപകരണമാണത്. സാമ്പത്തിക അച്ചടക്കം കൈവരിക്കുന്നതിൽ ബഡ്ജറ്റിന്റെ സ്വാധീനം വലുതാണ്. സ്ഥാപനത്തിന്റെ വിവിധ ചെലവുകൾക്ക് ലക്ഷ്യങ്ങൾക്കനുസൃതമായ മുൻഗണന നൽകി സാമ്പത്തിക സ്ഥിതി നേരായവിധത്തിൽ നിയന്ത്രിക്കുന്നതിന് ബഡ്ജറ്റ് സഹായിക്കുന്നു.

ഓഡിറ്റ് വേളയിൽ ബജറ്റ് ഫയൽ ഹാജരാക്കാത്തതിനാൽ ആവശ്യകത വിലയിരുത്തുന്നതിനോ ബജറ്റ് രൂപീകരണത്തിൽ നിയമത്തിൽ അനുശാസിക്കുന്ന നടപടികൾ എടുത്തിരുന്നോ എന്ന് പരിശോധിക്കുന്നതിനോ സാധിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിലുള്ള മറുപടി/വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/11.01.23) മറുപടി ലഭ്യമാക്കിയില്ല.

1.ബഡ്ജറ്റിൽ ഡി.പി.സി അംഗീകരിച്ച വാർഷിക പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ ? അല്ലെങ്കിൽ ഡി.പി.സി അംഗീകരിച്ച മുറയ്ക്ക് വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി ബഡ്ജറ്റ് പുതുക്കിയിട്ടുണ്ടോ ? [കേ.പ.രാ.നിയമം വകുപ്പ് 175(1),214(1)], [(സ.ഉ.(കൈ)11/2018 /തസ്വഭവ തീ.29.01.2018-യിലെ ഖണ്ഡിക9]

2.വാസ്തവികമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുണ്ടോ ?

3. സെക്രട്ടറി, വിവിധ ഓഫിസ് തലവൻമാരുടെ യോഗം വിളിച്ച് ചേർത്ത് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുന്നതിന് നിർദ്ദേശം നൽകുകയോ അപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ (കേ.പ.രാ.നിയമം വകുപ്പ് 214(1)) ചെയ്തിട്ടുണ്ടോ ?

4.ജനവരി 15 ന് മുമ്പ് മറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകേണ്ടതാണ്.(കേ.പ.രാ.നിയമം വകുപ്പ് 214(1)) അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ?

5.G.O.(Rt.)No.3291/2016/LSGD Dt.02.12.2016പ്രകാരം *Manual On Finance Management:Budget* സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത മാനുവലിന്റെ ഖ. 1.3(x)ൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, ബജറ്റ് സ്റ്റേറ്റ്മെന്റ് എന്ന് വിളിക്കപ്പെടുന്ന ഫോർമാറ്റിലാണ് അവതരിപ്പിക്കേണ്ടതെന്ന് അനുശാസിക്കുന്നുണ്ട്. ബജറ്റ് സ്റ്റേറ്റ്മെന്റിലെ ഘടകങ്ങളായ പെർഫോമൻസ് ബഡ്ജറ്റ്, ജെന്റർ ബഡ്ജറ്റ് എന്നിവ 2021-22ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?.

ബന്ധപ്പെട്ട നിയമ നിഷ്കർഷകൾ പാലിച്ചുകൊണ്ട് സാമ്പത്തിക ആസൂത്രണത്തിന് സഹായകമാകുന്ന തരത്തിൽ ബഡ്ജറ്റ് രൂപീകരണം സാധ്യമാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 08.08.2022 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 28226913 |

| | |
|---|---|
| വരവ് | 173103961 |
| ആകെ | 201330874 |
| ചെലവ് | 176416434 |
| നീക്കിയിരിപ്പ് | 24914440 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | വരവ് | ചെലവ് | സി.ബി |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 50715523 | 48901317 | 1814206 |
| വികസന ഫണ്ട്-എസ്.സി.പി | 8405000 | 8380000 | 25000 |
| വികസന ഫണ്ട്-ടി.എസ്.പി | 3115000 | 3114997 | 3 |
| മെയിന്റനൻസ്, റോഡ് | 21493428 | 19608870 | 1884558 |
| മെയിന്റനൻസ്,നോൺറോഡ് | 11695287 | 6200725 | 5494562 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 27928136 | 8753051 | 19175085 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് | 9650000 | 9396770 | 253230 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 316 | 213848570 | 194 | 127150906 | 83 | 39 | 61.39% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1534317.84 | 845213.5 | 2379531.34 | 2376782.34 | 2749 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 50511987 | 50511987 | 50511987 | 0 |
| ആകെ | 1534317.84 | 51357200.5 | 52891518.54 | 52888769.34 | 2749 |

തൊഴിലുറപ്പ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ ഈ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ആയത് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവുതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 10101100 | 629 |
| വിധവാപെൻഷൻ | 35623200 | 2271 |
| വാർദ്ധക്യകാലപെൻഷൻ | 56642900 | 3885 |
| വികലാംഗപെൻഷൻ | 8571800 | 543 |
| 50 വയസ്സിനുമേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2338800 | 148 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.1.23 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14516/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം.

ആഭ്യന്തര നിയന്ത്രണ സംവിധാനം ഗ്രാമ പഞ്ചായത്തിൽ ഫലപ്രദമായിരുന്നില്ല.
I.വരവിനത്തിൽ ലഭിയ്ക്കുന്ന ചെക്കുകൾ ബാങ്കിൽ നൽകി പണമാക്കുന്നതും വിവിധ ചെലവുകൾക്ക് ഇടപാടുകാർക്ക് ചെക്കുകൾ നൽകുന്നതും സമയബന്ധിതമായി നിർവ്വഹിച്ചിട്ടില്ലെന്ന് തനത് ഫണ്ട് അക്കൗണ്ടുകളുടെ 03/22 ലെ റിക്കൺസീലിയേഷൻ പത്രികയിൽ "ഡെപ്പോസിറ്റ് ചെയ്യാത്ത ചെക്കുകളും", "പ്രസന്റ് ചെയ്യാത്ത ചെക്കുകളും" ആയി വലിയ തുകകൾ അവശേഷിക്കുന്നതിൽ നിന്നും വ്യക്തമാകുന്നു. (വിശദാംശങ്ങൾ ഖണ്ഡിക 1-22 ൽ ഉൾപെടുത്തിയിട്ടുണ്ട്)
II.ചെലവ് രേഖകളോടൊപ്പം അതാതിന്റെ സാംഖ്യ പേമെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.
III.ഗ്രാമ പഞ്ചായത്തിലെ വൗച്ചറുകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുന്നില്ല. കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

I. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

Ii. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
Iii. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ
Iv. വാടക ഡിമാന്റ് രജിസ്റ്റർ
V. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
Vi. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
Vii. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷികകണക്കുകളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.
അപാകതകൾ സംബന്ധിച്ച് നമ്പർ:14/11.01.2023 ആയി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല.

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-10-2 വസ്തു നികുതി-റെസിഡൻഷ്യൽ - രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4260637 | 4127649 | 17296 | 135898 |
| വാർഷികകണക്കിലെ | 4260637 | 4107443 | 17296 | *136052 |

| | | | | |
|---|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(142855 /105X100)= 136052 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-1 |

## 1-10-3 വസ്തു നികുതി നോൺ റെസിഡൻഷ്യൽ - ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5401819 | 5181932 | 34024 | 234809 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5401819 | 5132986 | 34024 | *234856 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(246599 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-10-4 വസ്തുനികുതി കുടിശ്ശിക-സഞ്ചയയും സാംഖ്യയും പൊരുത്തപ്പെടുന്നില്ല

2.2കുടിശ്ശിക

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 439609 | 345190 | 95947 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *432111 | 344781 | **95118 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (310277+143440=453717/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (99874/105X100)=95118, |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1276507 | 922507 | 355603 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1466333 | 923865 | 352733 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(578166+961484= | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ | **(370370/105X100)=352733, (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | |
|---|---|---|---|
| | 1539650/105*100) | ആർ.പി-43) | |

## 1-10-5 ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല.

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 217220 | 23539 | 240759 | 210254 | 17661 | 227915 | 940 | | 6957 | 5086 | 12003 |
| | നോൺ-റെസിഡൻഷ്യൽ | 271219 | 64209 | 335428 | 260127 | 46222 | 306349 | 1710 | | 11790 | 17859 | 29518 |
| | ആകെ | | | 576187 | | | 534264 | 2650 | | 41521 | | |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | | 576187 | | | 528581 | | | | 53466 | 41521 | | |
| | | 96187+488349+1020-9459= 576187(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 – State Govt . Cess/levies...... ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 528581 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 534264 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 534666 രൂപയാണ്. (വൌച്ചർ 2100297&42100348 തീ 31.03.2022 (210263+18493+259429+46481=534666))

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 142855+99874+246599+370370=859698 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 40938 (859698/105X5 ) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 41521 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-6 വസ്തുനികുതി ഡിമാന്റ് ഒറ്റത്തവണയായി രേഖപ്പെടുത്തുന്നു

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‌ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ 499 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding” എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരുതവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. (വൗച്ചർ നമ്പർ:42100295,42100296 തിയതി 01.04.2021) ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നൽകുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10-7 വാടക ഡിമാന്റ് ഒറ്റത്തവണയായി രേഖപ്പെടുത്തിയിരിക്കുന്നു

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(40 കെട്ടിടങ്ങൾ) | 130100101-Rent From Building | 1033911 | 01.04.2021 | 42100257 |

## 1-10-8 വസ്തുനികുതി മുൻകൂർ സഞ്ചയയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 157302 | 178598 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 77055 | 124804 |

## 1-10-9 പ്രയർ പീരിഡ് ഇനങ്ങൾ - വരുമാനമായി ക്രമീകരിച്ച തുകകൾക്കും എഴുതിതള്ളിയ തുകകൾക്കും ആധാരമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ

ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് , ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (8411) |
| 280100102-Prior Period Income -Property Tax On Non Residential Buildings | (41370) |
| 280100104-Prior Period Income-Property Tax On Non Residential Buildings | 189475 |
| 280200201-Prior Period Income-Licence Fees | (21150) |
| 280200401-Prior Period Income-Other Income | (9400) |
| 280200402-Prior Period Income-Recovery Of Unutilised Grant | (41477) |
| 280800101-Prior Period-Establishment Expenses | (36000) |
| 280800201-Prior Period- Administrative Expenses | (165376) |
| 280800601-Prior Period- Revenue Grants And Contributions | 181214 |
| 280800701-Prior Period- Miscellaneous Expenses | (1182405) |

## 1-10-10 മുൻകൂർ ആയി ലഭിച്ച തുകകൾ ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 557500 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 352173 |

## 1-10-11 കടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-13 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase /Decrease In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (3312473) രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 20121-22- കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12489330 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-14 ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ,ലോൺറെജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതിത്തയ്യാറാക്കിയിട്ടില്ല ആയതിനാൽ 31.03.2022 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7/B-12/B-18/B-11/B-14/B-5 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

വാർഷികകണക്ക് പ്രകാരം വായ്പ ഇനത്തിൽ 31/3/2022 ന് 10111000 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ വായ്പ രജിസ്റ്റർ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

## 1-10-15 ബാങ്ക് പാസ് ബുക്ക് ,റീകൺസീലിയേഷൻ പത്രിക എന്നിവ ഹാജരാക്കിയിട്ടില്ല

അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെയും കൂടാതെ RP-40(b) യിൽ നീക്കിയരിപ്പില്ലാത്തതായി കാണിച്ചിരിയ്ക്കുന്ന മറ്റ് ബാങ്ക് അക്കൌണ്ടുകളുടെയും പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.(കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്രം.ന | ബാങ്ക് | അക്കൌണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് | 3980 | 04/2021 മുതൽ 02/22 വരെ |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പട്ടിക്കാട്(ഓൺ ഫണ്ട്) | 67344572538 | 04/2021 മുതൽ 02/22 വരെ |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പട്ടിക്കാട്(e-payment) | --- | 04/2021 മുതൽ 03/22 വരെ |
| 4 | HDFC ബാങ്ക് സ്വൈപിംഗ് | --- | 04/2021 മുതൽ 02/22 വരെ |
| 5 | ട്രഷറി ഓൺ ഫണ്ട് | ---- | 04/2021 മുതൽ 02/22 വരെ |
| 6 | കേരള ബാങ്ക് | ---- | 04/2021 മുതൽ 02/22 വരെ |
| 7 | ദുരിതാശ്വാസ നിധി | ---- | 04/2021 മുതൽ 02/22 വരെ |

| | | | |
|---|---|---|---|
| 8 | സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്(തൊഴിലുറപ്പ്) | 40290100104174 | 04/2021 മുതൽ 02/22 വരെ |
| 9 | എസ്.ബി.ടി .ലക്ഷം വീട് | ---- | 04/2021 മുതൽ 02/22 വരെ |
| 10 | സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്(ജലനിധി) | ---- | 04/2021 മുതൽ 02/22 വരെ |
| 11 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കണ്ണാറ(സാക്ഷരത) | 10554112880 | 04/2021 മുതൽ 02/22 വരെ |
| 12 | FFC കേരള ഗ്രാമീൺ ബാങ്ക് റിയൽ അക്കൗണ്ട് | 40290101056945 | 04/2021 മുതൽ 02/22 വരെ |
| 13 | ജലനിധി സുസ്ഥിര പദ്ധതി | ---- | 04/2021 മുതൽ 02/22 വരെ |

മേൽപറഞ്ഞ എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും പാസ് ബുക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-10-16 ബാങ്കുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട് താഴെപറയുന്ന തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1 കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിക്കേണ്ടതാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46))

2 ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയവയിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

3 "Directly Debited By Bank” എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിവന്ന ഡെബിറ്റ് തുകകൾ, ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .

## 1-11 രശീതി പരിശോധന-അപാകത

1. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ 2011, ചട്ടം 16 പ്രകാരം നിർവഹണോദ്യോഗസ്ഥർ കൈപ്പറ്റുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും കൃഷി ഓഫീസർക്ക് (20.10.21ന് ) നൽകിയ രസീത് ബുക്ക് ഉപയോഗിച്ച് ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുക ദിവസങ്ങൾക്കു ശേഷമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതി ബുക്ക് നമ്പർ | രസീതി നമ്പർ | തുക | തുക ഈടാക്കിയ തീയതി | തുക അടവാക്കിയ തീയതി/രസീതി നമ്പർ |
|---|---|---|---|---|
| 4585 | 79 | 345 | 16.11.22 | 8.12.22/1220105848 |
| 4585 | 80 | 115 | 16.11.22 | 8.12.22/1220105848 |
| 4585 | 81 | 575 | 25.11.22 | 8.12.22/1220105848 |
| 4585 | 82 | 1395 | 30.11.2022 | 8.12.22/1220105847 |

പിരിച്ചെടുത്ത തുക യഥാസമയം ബാങ്കിൽ അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. കൃഷി ഓഫീസർക്ക് നൽകിയ രശീതി ബുക്ക് നമ്പർ 4585 ലെ ക്യാൻസൽ ചെയ്ത രസീത് നമ്പർ 50 ന്റെ ഡ്യൂപ്ലിക്കേറ്റ് രശീതി ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. അശ്രദ്ധമൂലം ഡ്യൂപ്ലിക്കേറ്റ് രശീതി നഷ്ടപ്പെട്ടു എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് ഓഡിറ്റ് എൻക്വയറി 6/10.1.23. രശീതി ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതിനാൽ ക്യാൻസൽ ചെയ്ത രസീതിയോടൊപ്പം തന്നെ ഡ്യൂപ്ലിക്കേറ്റും സൂക്ഷിക്കേണ്ടതാണ്.

3. കൃഷി ഓഫീസർ ഹാജരാക്കിയ കളക്ഷൻ രജിസ്റ്റർ പേജ് നം 87 ൽ സ്വപ്ന, കല്ലിൽ വീട് എന്നിവരിൽ നിന്നും 19620 രൂപ പിരിച്ചെടുക്കുകയും 3.9.2022 ന് രസീതി നമ്പർ 1220102885 പ്രകാരം തുക പഞ്ചായത്തിൽ അടവാക്കിയിട്ടുമുണ്ട്. ടി തുക രശീതി ഇല്ലാതെയാണെന്ന് ഗുണഭോക്താവിൽ നിന്നും പിരിച്ചെടുത്തിരിക്കുന്നത്. പിരിച്ചെടുക്കുന്ന തുകകൾക്ക് രശീതി നൽകേണ്ടതാണ്-കെ എഫ് സി ആർട്ടിക്കിൾ 7(1).

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. രശീതി ബുക്കുകളിൽ 'സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്' എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാ: രസീതി ബുക്ക് നമ്പർ: 4594, 15982, 15983, 15984, 15985, 15986, 5551, 5552. ഓരോ രശീതി ബുക്കിലേയും ഫോറങ്ങളുടെ എണ്ണം പരിശോധിച്ച് നിശ്ചിത മാതൃകയിലുള്ള 'സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്' എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-12 പണം പിൻവലിക്കലുകളുടെ ആധികാരികത ഉറപ്പുവരുത്താനായില്ല

ധനകാര്യപത്രിക RP-40(b) ഷെഡ്യൂൾ പ്രകാരമുള്ള വിവിധ ബാങ്ക് അക്കൌണ്ടുകളിൽ പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പട്ടിക്കാട് എന്നീ രണ്ട് (തനത് ഫണ്ട്) അക്കൗണ്ടുകളുടെ 2022 മാർച്ച് മാസത്തെ ബാങ്ക് റീകൺസീലിയേഷൻ പത്രിക മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ അക്കൗണ്ടുകളുടെ മറ്റ് മാസങ്ങളിലെയും, മറ്റ് അക്കൗണ്ടുകളുടെയും റിക്കൺസീലിയേഷൻ തയ്യാറാക്കിയിട്ടില്ല.

2021-2022 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ തനത് ഫണ്ടുമായി ബന്ധപ്പെട്ട അക്കൗണ്ടുകളിലെ 2022 മാർച്ച് ലെ റീകൺസീലിയേഷൻ പത്രിക പ്രകാരം Cheques Issued But Not Presented Into Bank ൽ 81,39,848 രൂപയും ,Cheques Deposited But Not Collected From Bank 36,83,332 രൂപയും, "Directly Credited By Bank" 39,46,471 രൂപയും, Directly Debited By Bank 68,20,777 രൂപയും ഉൾപ്പെടുത്തിയാണ് റിക്കൺസീലിയേഷൻ നടത്തിയിരിക്കുന്നത്.

മാസാന്ത്യത്തിൽ വരുമാനവും ചെലവും അക്കൗണ്ട് റിക്കാർഡുകൾ പ്രകാരം പൊരുത്തപ്പെടുത്താത്തതിനാലും ബാങ്കിൽ നിന്നും നേരിട്ട് പിൻവലിക്കപ്പെട്ട തുകകൾ പരിശോധിച്ച് ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതിനാലും ബാങ്ക് ബുക്കിൽ രേഖപ്പെടുത്തലില്ലാതെ പണം പിൻവലിച്ചിട്ടുണ്ടോ ബാങ്ക് പാസ് ബുക്കിൽ അനധികൃതമായി തുക കുറവ് ചെയ്തിട്ടുണ്ടോ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കൂടാതെ പഞ്ചായത്തിൽ നിന്നും സ്ഥാപനങ്ങൾക്കും /വ്യക്തികൾക്കും ചെക്കുകൾ നൽകിയതിന്റെ കൈപ്പറ്റ് രേഖ ഹാജരാക്കിയിട്ടില്ലാത്തതും ചെക്ക്& ഡ്രാഫ്റ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതുമാണ്. ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയതും ഹാജരാക്കിയിട്ടില്ല.

കൃത്യസമയത്ത് റീകൺസീലിയേഷൻ നടത്തുന്നതിലും തുകകൾ കൃത്യമായി വരവിലേക്ക് ക്രമീകരിക്കുന്നതിനുമുള്ള സംവിധാനം പഞ്ചായത്തിൽ കാര്യക്ഷമമായിട്ടല്ല നടത്തുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

മേൽ കാരണങ്ങളാൽ ഓഡിറ്റ് കാലയളവിലെ പണം പിൻവലിക്കലുകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ആധികാരികമാണെന്ന് ഉറപ്പാക്കുവാനും സാധിച്ചില്ല.

ഓഡിറ്റ് എൻക്വയറിക്ക് (നം.19 13-01-2023 )മറുപടി ലഭ്യമാക്കിയില്ല.

## 1-13 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

തൊഴിൽ നികുതി രജിസ്റ്ററും ലൈസൻസ് അപേക്ഷയും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 235/21-22 | സെന്റ് തോമസ് സിമന്റ് പ്രോഡക്ട്സ് | 4 |

| | | |
|---|---|---|
| 284/21-22 | ഗുരുവായൂരപ്പൻ കോൺക്രീറ്റ്സ് | 5 |
| 505/21-22 | ഓസ്വിൻ പൈപ്പ്സ് | 6 |
| 521/21-22 | നക്ഷത്ര റെസ്റ്റോറന്റ് | 5 |
| 554/21-22 | ഗുരുദാബ ഹോട്ടൽ | 4 |
| 402/21-22 | അമിഗോ ഫാമിലി റെസ്റ്റോറന്റ് | 6 |
| 454/21-22 | എസ്.എസ് ഗാർമെന്റ്സ് | 16 |
| 476/21-22 | പുണ്യ ഫ്യുവൽസ് | 20 |
| 497/21-22 | ഇക്കു ഗാർഡൻസ് | 8 |

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1) 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, ക്രമ നം.139 പ്രകാരം കള്ള് ഷാപ്പ് മുതലായവയ്ക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. ആയതു പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ റേഷൻ കടകൾക്കും കള്ളുഷാപ്പുകൾക്കും നിയമപ്രകാരം നോട്ടീസ് നൽകി ലൈസൻസോട് കൂടി പ്രവർത്തിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

2) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.142 & 143 പ്രകാരം യഥാക്രമം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്.

ടൂത്ത് ഫെയർലി ഡെന്റൽ ക്ലിനിക്ക്, പനക്കൽ ആയുർവേദ ഫാർമസി എന്നീ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 ലൈസൻസ് - ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2021-22 വർഷത്തെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയോ ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ ആയതിന് അനുസൃതമായി ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല. മിക്ക അപേക്ഷയിലും മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടോയെന്നുള്ള വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.7/10.1.23 മറുപടി ലഭ്യമാക്കിയില്ല.

## 1-16 പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 ൽ (1) പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂറായി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല. 2021-22 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ഗ്രേസ് ക്ലിനിക്ക് എന്ന സ്ഥാപനം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ പുതുക്കാത്തതായി കാണുന്നു.

രജിസ്ട്രേഷൻ പുതുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന താഴെ പറയുന്ന കടമുറികൾ 21-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് (വ്യാപാര സംരംഭക ലൈസൻസ് ) എടുത്തിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കരാറുകാരന്റെ പേര് |
|---|---|---|
| 1. | 3/960 | രേഖ കൊച്ചനിയൻ |
| 2. | 3/972 | മജീദ് |
| 3. | 3/1129 | സെക്രട്ടറി ,ക്ഷീരോദ്പാദക സംഘം |
| 4. | 3/374 | മിനി രാജൻ |
| 5. | 3/375 | കെ ഃ ജോണി |
| 6. | 4/8B | നിൽഷ സന്ദീപ് |
| 7 | 4/8C | അമ്മിണി ബാലൻ |
| 8 | 4/8D | ശാന്തി ചായിക്കോത്ത് |
| 9 | 4/8E | സരിത |

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നം.21/13.1.23 )മറുപടി ലഭ്യമാക്കിയില്ല.

## 1-18 ക്രമവത്കരണം- രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ നിരവധി കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ റെഗുലറൈസേഷൻ ഫീ ഇനത്തിൽ 167266 രൂപ വരവുണ്ട്. അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 95(3) പ്രകാരം ക്രമവത്ക്കരിച്ച വിവരം സെക്രട്ടറി Appendix G2 Form ൽ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നം.20/12.1.23 )മറുപടി ലഭ്യമാക്കിയില്ല.

## 1-19 ഉപയോഗക്രമം മാറി വസ്തുനികുതി നിർണയിച്ചു

എ) 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം താഴെ പറയുന്ന വ്യാപാരാവശ്യങ്ങൾക്കുള്ള കെട്ടിടം സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് / കെട്ടിട നം | സ്ഥാപനം | സ്ഥാപന ഉടമ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവരം |
|---|---|---|---|
| 1/130 | സൂപ്പർ ടൂൾസ് | രാജേഷ് | പാർപ്പിടം - 9ച.മീ. |

ബി) 2ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 3/718നം. കെട്ടിടത്തിൽ സപ്ലൈകോ സൂപ്പർമാർക്കറ്റ് എന്ന സ്ഥാപനമാണ് പ്രവർത്തിക്കുന്നത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് . സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം (കെട്ടിട വിസ്തീർണം - 264 ച.മീ.) കെട്ടിടം ഓഫീസ് ആവശ്യത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

സി) 9/558നം. കെട്ടിടത്തിൽ ഒമേഗ പോളിമർ ട്രേഡേഴ്സ് എന്ന സ്ഥാപനമാണ് പ്രവർത്തിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം കെട്ടിടം (കെട്ടിട വിസ്തീർണം - 29 ച.മീ.) ഓഫീസ് ആവശ്യത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനിക്തി നിർണയിച്ചിരിക്കുന്നത്.

സ്ഥല പരിശോധന നടത്തിയതിനു ശേഷം ആയതനുസരിച്ച് മേൽ പറഞ്ഞ കെട്ടിടങ്ങളെ ഉചിതമായ വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നം.30/ 13-01-2023 )മറുപടി ലഭ്യമാക്കിയില്ല.

## 1-20 വാടക പിരിച്ചെടുക്കുന്നതിലെ അപാകത

1. പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സുകളിലെ 40 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക രജിസ്റ്റർ ഫയൽ എന്നിവ പരിശോധിച്ചതിൽ വാടകയോടൊപ്പം ജി.എസ്.ടി., വൈകി അടവാക്കുമ്പോൾ ഈടാക്കേണ്ട പിഴ പലിശ എന്നിവ ഈടാക്കിയിട്ടില്ല. വാടകയോടൊപ്പം ജി.എസ്.ടി, വൈകി അടവാക്കുമ്പോൾ ഈടാക്കേണ്ട പിഴ പലിശ എന്നിവ ഈടാക്കേണ്ടതാണ്.

2. 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരം ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടേണ്ടതാണ്. പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയുമായി ബന്ധപ്പെട്ട ബൈലോ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.9/10.1.23) മറുപടി ലഭ്യമാക്കിയില്ല. ചട്ടപ്രകാരമുള്ള വാടക ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടേണ്ടതാണ്.

3. 21-22 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ 11,32,621 (തൻവർഷം 545516 + കുടിശ്ശിക 587,105) കുടിശ്ശികയുണ്ട്. ആയത് പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 അപേക്ഷകയുടെ മരണശേഷം പെൻഷന് അംഗീകാരം നൽകി

മേരി , മേച്ചേരിപടി എന്ന ഗുണഭോക്താവ് 14.12.21 ന് വാർദ്ധക്യകാല പെൻഷനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. അപേക്ഷ ഫീൽഡ്തല അന്വേഷണത്തിനായി വിഇഒക്ക് 18.12.21 ൽ കൈമാറുകയും പെൻഷന് അർഹതയുണ്ടെന്ന് വിഇഒ റിപ്പോർട്ട് ചെയ്യുകയും (തിയതി രേഖപ്പെടുത്തിയിട്ടില്ല) ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ മരണ റിപ്പോർട്ട് പ്രകാരം ടിയാരി 11.1.22ൽ മരണപ്പെട്ടിട്ടുണ്ട്.

എന്നാൽ അപേക്ഷക മരണമടഞ്ഞതിനു ശേഷം 28.2.2022 ൽ കൂടിയ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ( തീരുമാനം. 1 (1)) പെൻഷൻ അനുവദിക്കുന്നതിന് ശുപാർശ ചെയ്യുകയും ആയതനുസരിച്ച് പഞ്ചായത്ത് കമ്മിറ്റി (23.3.22 ലെ തീരുമാനം 7 സേവന സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയത്) പെൻഷന് അംഗീകാരം നൽകുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. ആയതനുസിച്ച് 7/22 മുതൽ 11/22 വരെ പെൻഷൻ വിതരണം നടത്തിയതായി സേവന സോഫ്റ്റ് വെയറിൽ നിന്നും വ്യക്തമായിട്ടുണ്ട്. പെൻഷൻ ഐ.ഡി. 107430205249. ഇത്തരത്തിൽ മരണമടഞ്ഞ വ്യക്തിക്ക് പെൻഷൻ അനുവദിച്ചത് മേൽ കമ്മിറ്റികളുടെ ഗുരുതരമായ വീഴ്ചയാണ്.

പഞ്ചായത്ത് ഡയറക്ടറുടെ 28.9.2019 ലെ PAN/2021/2019-DBT-1(DP) സർക്കുലർ പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷൻ പുതുതായി അനുവദിച്ചവരുടെയും നിരസിച്ചവരുടെയും വാർഡ് തല ലിസ്റ്റ് ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സ.ഉ. (എ.എസ്) നം. 97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും ഇവിടെ പാലിക്കപ്പെട്ടില്ല.

മരണപ്പെട്ട ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കേണ്ടതും മരണപ്പെട്ടതിനു ശേഷം പെൻഷൻ അനുവദിക്കുവാൻ തീരുമാനമെടുത്തതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്.

ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/ 12-01-2023 )മറുപടി ലഭ്യമാക്കിയില്ല.

## 1-22 ലഭിച്ചതും നൽകുവാനുള്ളതുമായ ചെക്കുകളിൽ സമയബന്ധിതമായ തുടർനടപടി സ്വീകരിച്ചിട്ടില്ല

ധനകാര്യപത്രിക RP-40(b) ഷെഡ്യൂളിൽ 29 വിവിധ ബാങ്ക് അക്കൌണ്ടുകൾ ഉൾപെടുന്നുണ്ട്. ഇതിൽ പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് (ഓൺ ഫണ്ട്), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പട്ടിക്കാട്(ഓൺ ഫണ്ട്) എന്നീ രണ്ട് അക്കൗണ്ടുകളുടെ 2022 മാർച്ച് മാസത്തെ ബാങ്ക് റീകൺസീലിയേഷൻ പത്രിക മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ അക്കൗണ്ടുകളുടെ മറ്റ് മാസങ്ങളിലെയും, മറ്റ് അക്കൗണ്ടുകളുടെ 2021-22 ലെ റിക്കൺസീലിയേഷൻ പൂർണ്ണമായും തയ്യാറാക്കിയിട്ടില്ല.(കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)).

2022 മാർച്ച് മാസത്തെ ബാങ്ക് റീകൺസീലിയേഷൻ തയ്യാറാക്കിയിട്ടുള്ള അക്കൗണ്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രം.ന | ബാങ്ക് | Cheques Issued But Not | Cheques Deposited But Not | Directly Credited By Bank" | Directly Debited By Bank" |
|---|---|---|---|---|---|

| | | Presented Into Bank | Collected From Bank | | |
|---|---|---|---|---|---|
| 1 | പാണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്,അക്കൌണ്ട് നമ്പർ 3980 | 4560722 | 1052730 | 73013 | 4064562 |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പട്ടിക്കാട്(ഓൺ ഫണ്ട് ),അക്കൌണ്ട് നമ്പർ 67344572538 | 3579126 | 2630602 | 3873458 | 2756215 |

ചെക്കുകൾ ഇഷ്യുചെയ്തിട്ട് പ്രെസന്റ് ചെയ്യാത്തതും , ഡെപോസിറ്റ് ചെയ്തിട്ട് കളക്ട് ചെയ്യാത്തതും ആയ വലിയതുകകൾ റിക്കൺസീലിയേഷനിൽ ചേർത്തിട്ടുണ്ട്. പ്രസൻറ് ചെയ്ത ചെക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ കളക്ട് ചെയ്യുന്നകാര്യത്തിൽ ബാങ്ക് വീഴ്ചവരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.
ഗ്രാമപഞ്ചായത്തിൽ നിന്നും പദ്ധതി, പദ്ധതിയിതര ചെലവിനങ്ങളിൽ നൽകുന്ന ചെക്കുകൾ കാലതാമസം കൂടാതെ ബാങ്കിൽ നൽകി പണമാക്കുകയും വരവിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിയ്ക്കുന്ന ചെക്കുകൾ എത്രയും വേഗം കളക്ഷന് വേണ്ടി ബാങ്കിൽ പ്രസന്റ് ചെയ്യുകയും എന്നതാണ് സ്വാഭാവിക നടപടി. ഈ നടപടി മാർച്ച് 31 നകം പൂർത്തിയാകാതെ പോകുന്ന ചുരുക്കം ചെക്കുകളാണ് റിക്കൺസീലിയേഷനിൽ ഉൾപ്പെടുക.
വരവിനത്തിൽ ലഭിയ്ക്കുന്ന ചെക്കുകൾ ബാങ്കിൽ നൽകി പണമാക്കുന്നതും വിവിധ ചെലവുകൾക്ക് ഇടപാടുകാർക്ക് ചെക്കുകൾ നൽകുന്നതും സമയബന്ധിതമായി നിർവ്വഹിക്കാതിരിക്കുമ്പോഴും റിക്കൺസീലിയേഷൻ പത്രികയിൽ മേൽപ്രകാരം വലിയ തുകകൾ വരുന്നതാണ്. ഇക്കാര്യത്തിൽ നൽകിയ 15/11.01.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതക്ക് മറുപടി നൽകേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-23 ഹരിതകർമ്മസേന തുടർപ്രവർത്തനങ്ങൾ

പ്രോജക്ട് നമ്പർ :367/2022

ഈ പ്രോജക്റ്റിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിനായി താഴെപറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| തീയതി | തുക | വൗച്ചർ നമ്പർ |
|---|---|---|
| 19.03.2022 | 142900 | XVFC/21-22/P/45/19.03.2022 |
| 19.03.2022 | 12000 | XVFC/21-22/P/46/19.03.2022 |
| ആകെ | 154900 | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

18.03.2022 ൽ ഗ്രാമപഞ്ചായത്തും കെൽട്രോണും ശുചിത്വമിഷനും തമ്മിൽ ഏർപ്പെട്ട കരാറിൻ പ്രകാരം ഗ്രാമപഞ്ചായത്ത് നൽകിയ വർക്ക് ഓർഡറിൽ വിശദീകരിച്ച പ്രകാരമുള്ള പ്രോജക്റ്റ് നടപ്പാക്കുമെന്നാണ്.

കെൽട്രോൺ പറഞ്ഞിരിക്കുന്നത്. എന്നാൽ 14.03.2022 ലെ AS/Pro/367/22 നമ്പർ വർക്ക് ഓർഡറിൽ പദ്ധതിയുടെ വിശദാംശങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ എന്തെല്ലാം സേവനങ്ങളാണ്.

കെൽട്രോൺ നൽകിയതെന്ന് വ്യക്തമല്ല.

ആറുമാസത്തേയ്ക്കാണ് കെൽട്രോണിന്റെ സേവനമെന്നും, പ്രോജക്റ്റ് പൂർത്തിയാക്കുമ്പോൾ കെൽട്രോൺ ഗ്രാമപഞ്ചായത്തിന് പ്രോജക്റ്റ് കംപ്ലീഷൻ റിപ്പോർട്ട് നൽകുമെന്നും കരാറിൽ പറയുന്നു.

മേൽപറഞ്ഞ പ്രോജക്റ്റ് കംപ്ലീഷൻ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. പ്രോജക്റ്റ് കംപ്ലീഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/12.01.2023 ന് മറുപടി നൽകിയിട്ടില്ല. കെൽട്രോൺ നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങളും പ്രോജക്റ്റ് കംപ്ലീഷൻ റിപ്പോർട്ടും ലഭ്യമാക്കാത്തതിനാൽ

മേൽപറഞ്ഞ 154900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-24 സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു

സ.ഉ.(എ.എസ്) നം. 97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച സേവന സോഫ്റ്റ് വെയറിലും 2021-22 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ തുക നൽകിയിരിക്കുന്നതായും, മരണശേഷവും അക്കൗണ്ടുകൾ ആക്ടീവായി തുടരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് |
|---|---|---|---|---|---|
| 1 | സരള | കർഷക തൊഴിലാളി പെൻഷൻ | 107430100515 | 14.12.21 | 1/22- 4/22 |
| 2 | തത്ത | കർഷക തൊഴിലാളി പെൻഷൻ (ആക്ടീവ്) | 107430101028 | 15.12.21 | 1/22- 11/22 |
| 3 | ജോസ് | കർഷക തൊഴിലാളി പെൻഷൻ (ആക്ടീവ്) | 2220280139 | 27.12.21 | 1/22- 11/22 |
| 4 | വേലായുധൻ.പി.കെ | കർഷക തൊഴിലാളി പെൻഷൻ (ആക്ടീവ്) | 107430100436 | 23.12.21 | 1/22- 4/22 |
| 5 | സരോജിനിയമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 107430601033 | 20.12.21 | 1/22- 11/22 |
| 6 | ലാസർ | വാർദ്ധക്യകാല പെൻഷൻ | 107430200876 | 27.12.21 | 1/22- 4/22 |
| 7 | മേരി | വാർദ്ധക്യകാല പെൻഷൻ | 107430205249 | 11.1.22 | 7/22- 11/22 |
| 8 | സെലീന | വാർദ്ധക്യകാല പെൻഷൻ | 107430201845 | 12.1.22 | 1/22- 4/22 |

അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ് കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നം.22/ 12-01-2023 ) മറുപടി ലഭ്യമാക്കിയില്ല.

## 1-25 എസ്.ടി വിദ്യാർത്ഥികൾക്ക് മേശ ,കസേര എന്നിവ വാങ്ങി. നാളിതു വരെ വിതരണം ചെയ്തിട്ടില്ല.

പ്രോജക്റ്റ് നമ്പർ. 192/22

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ

ഫണ്ടിനം. ടി.എസ്.പി

വൗച്ചർ നമ്പർ. 22101738 / 24-03-2022

തുക. 49997

നിർവ്വഹണോദ്യോഗസ്ഥ എച്ച്.എം.ജി.എൽ.പി.എസ്. പട്ടിക്കാട്

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായി 49997 രൂപ ചെലവിട്ട് ആർട്കോ ലിമിറ്റഡിൽ നിന്നും 10 എണ്ണം സ്റ്റഡി ടേബിൾ, 10 എണ്ണം സ്റ്റെയിൻലെസ്സ് സ്റ്റീൽ ചെയർ എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല. വിഷയത്തിന്റെ നിജസ്ഥിതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനം മറുപടി നൽകിയിട്ടില്ല. എന്നാൽ മേശ, കസേര എന്നിവ സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നതായി നിർവ്വഹണോദ്യോഗസ്ഥ വാക്കാൽ അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ കണ്ടെത്താതെ തന്നെ ഉപകരണങ്ങൾ വാങ്ങിയതായാണ് മനസ്സിലാക്കുന്നത്. കൃത്യമായ വിശദീകരണത്തിന്റെ അഭാവത്തിൽ 49997 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ.9/09-10-202)

## 1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവർത്തികളിൽ തുക വിനിയോഗിച്ചു കാണിക്കുന്ന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ.5/09-01-2023)

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വൗച്ചർ നമ്പർ | തിയ്യതി | തുക | തുക നിക്ഷേപിക്കപ്പെട്ട സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 15/21-22 | ഐ.കെ.എം. വിഹിതം നൽകൽ | 22101225 | 25/06/21 | 219298 | ഇൻഫർമേഷൻ കേരള വിഷൻ |
| 3 | 114/21-22 | CAN തൃശ്ശൂർ | 22101423 | 12/01/22 | 80000 | ജില്ലാ പഞ്ചായത്ത് തൃശ്ശൂർ |

## 1-27 ക്രിമിറ്റോറിയത്തിലേക്ക് ജനറേറ്റർ വാങ്ങി. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്നു.582523 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ.348/22

ജനറേറ്റർ വാങ്ങൽ

എഗ്രിമെന്റ് നമ്പർ. 01/2021 തിയ്യതി 31/05/2021

നിർവ്വഹണോദ്യോഗസ്ഥൻ. സെക്രട്ടറി

നിർവ്വഹണസ്ഥാപനം നൽകിയ രസീത് നമ്പർ ,തുകയുടെ വിവരം.

രസീതി നമ്പർ. 713/ Dt. 09-06-21 .306591

ബിൽ നമ്പർ. 715/dt.30-10-21. 275932

പാണഞ്ചേരി പഞ്ചായത്തും, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കംപനിയുമായി ചേർന്ന് ഒപ്പു വെച്ച എഗ്രിമെന്റ് പ്രകാരം വഴക്കും പാടത്തുള്ള ആത്മവിദ്യാലയം ക്രിമിറ്റോറിയത്തിലേക്ക് 15kva DG സെറ്റ് 613182.28 രൂപയ്ക്ക് ഓർഡർ തിയ്യതി മുതൽ എട്ട് ആഴ്ചകൾക്കുള്ളിൽ കംപനി ഇൻസ്റ്റാൾ ചെയ്ത് കമ്മീഷൻ ചെയ്ത് നൽകേണ്ടതാണ്. നിലവിൽ രണ്ട് ബില്ലുകളിലായി കംപനിക്ക് 582523 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഡി.ജി. സെറ്റ് സ്ഥാപിച്ചെങ്കിലും നാളിതു വരെ കമ്മീഷൻ ചെയ്തു നൽകിയിട്ടില്ല. 07/01/22 ൽ ജനറേറ്റർ പ്രവർത്തിപ്പിക്കാനാവശ്യമായ അനുമതി പഞ്ചായത്ത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനോട് ആവശ്യപ്പെട്ടതായി കാണുന്നു. എന്നാൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് 10/01/22 ൽ B2-14106/H/EIR നമ്പർ കത്ത് പ്രകാരം 31/01/2022 നകം ന്യൂനതാ പരിഹാര റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയില്ലാതെ ജനറേറ്റർ പ്രവർത്തിപ്പിക്കുന്നത് വൈദ്യുതി ബന്ധം വിച്ഛേദിക്കാൻ മതിയായ കാരണമാണെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ഇതിനുശേഷം പഞ്ചായത്ത് ഇതിൽ ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ജനറേറ്റർ കമ്മീഷൻ ചെയ്യാതെ തന്നെ പ്രവർത്തിച്ച് വരുന്നുമുണ്ട്. ഈ സാഹചര്യത്തിൽ ന്യൂനതകൾ പരിഹരിക്കാൻ നടപടികൾ ഒന്നും സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണ് എന്നും നിയമാനുസൃതമായി കമ്മീഷൻ ചെയ്യാതെ ജനറേറ്റർ പ്രവർത്തിക്കാൻ അനുവദിക്കുന്നത് എന്തുകൊണ്ടെന്നുമുള്ള ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനം മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ.4/09-01-23) ഈ സാഹചര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാകുന്നതു വരെ 582523 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ഡസ്ക് ടോപ്പ് കംപ്യൂട്ടറിനായി കെൽട്രോണിന് അധികം തുക നൽകിയത് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ.108/22

പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ. സെക്രട്ടറി

തുക നൽകിയതിന്റെ വിവരം.വൗച്ചർ നമ്പർ. 22101547/ 22-06-22

തുക. 39797

ടാക്സ് ഇൻവോയ്സ് നമ്പർ. TN00291486/17-06-22

മേൽപ്രകാരം തുക ഡസ്ക് ടോപ്പ് കംപ്യൂട്ടറിനായി കെൽട്രോണിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഉത്പന്നം സപ്ലൈ ചെയ്ത ബിൽ പ്രകാരം 38266.22 രൂപയാണ് ചെലവു വന്നിട്ടുള്ളത്. ബാക്കി 1531 രൂപ കെൽട്രോണിൽ നിന്ന് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ.1/09-0102023)

## 1-29 കുടിവെള്ളപദ്ധതിക്ക് ട്രിപ്പ് കണക്കാക്കിയത്. ജി.പി.എസ് റിപ്പോർട്ടിൽ ട്രിപ്പിന്റെ എണ്ണം വ്യക്തമല്ല.ചെലവു നടപടി തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ. XUFC/2021-22/P/1 DT. 18-01-22 തുക .1100000

വൗച്ചർ വമ്പർ. 22100781 Dt.02/02/2022 തുക. 150000

നിർവ്വഹണോദ്യോഗസ്ഥൻ . സെക്രട്ടറി

പഞ്ചായത്തിൽ 24/03/21 മുതൽ 26/05/21 വരെ രണ്ട് വാഹനങ്ങളിലായി കുടിവെള്ളം വിതരണം ചെയ്തതിന് ആകെ കണക്കാക്കിയ തുക 1663320 രൂപയാണ്. ഇതിൽ 1250000 രൂപ കരാറുകാരനായ കെ.കെ വർഗ്ഗീസിന് കൈമാറിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 6000 ലിറ്റർ ടാങ്ക് കപ്പാസിറ്റിയുള്ള KL31A3083 എന്ന വാഹനവും, 12000 ലിറ്റർ ടാങ്ക് കപ്പാസിറ്റിയുള്ള KL08BU8504എന്ന വാഹനവുമാണ് കുടിവെള്ളവിതരണത്തിനായി ഉപയോഗിച്ചത് എന്ന് കാണുന്നു. ആദ്യവാഹനം 590 ട്രിപ്പും, രണ്ടാമത്തെ വാഹനം 39 ട്രിപ്പുമാണ് വെള്ളം വിതരണം ചെയ്യാനായി ഓടിയിട്ടുള്ളത്. പട്ടിക്കാട് പ്രദേശത്തു നിന്നുള്ള ഷിബു വർഗ്ഗീസ് മാമല വീട് എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിന്നു മാത്രമേ വെള്ളമെടുത്തതായി കാണുന്നുള്ളൂ. ഈ സ്ഥലത്തു നിന്നുള്ള കുടിവെള്ള പരിശോധനാ റിപ്പോർട്ടു മാത്രമേ ഫയലിനൊപ്പം ചേർത്തിട്ടുള്ളൂ. കുടിവെള്ള വിതരണത്തിന് ഉപയോഗിച്ച രണ്ടു വാഹനത്തിലും ജി.പി.എസ് സംവിധാനം ഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമായ ജി.പി.എസ് റിപ്പോർട്ട് ട്രിപ്പിന്റെ എണ്ണം കണക്കാക്കാൻ പറ്റുന്ന വിധത്തിലുള്ളതല്ല. നിലവിൽ കരാറുകാരന് പണം അനുവദിച്ചത് ജി.പി.എസ് സംവിധാനത്തിന്റെ സഹായത്തോടെയല്ല മറിച്ച് കരാറുകാരൻ ഹാജരാക്കിയ മാനുവൽ ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിലാണ്. കുടിവെള്ള വിതരണം കുറ്റമറ്റതാക്കാനാണ് വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഉപയോഗിക്കണം എന്ന് സർക്കാർ പ്രത്യേകം നിർദ്ദേശിച്ചിരിക്കെ ഏതു സാഹചര്യത്തിലാണ് ജി.പി.എസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ കരാറുകാരന് വിതരണത്തുക അനുവദിച്ചത് എന്ന് വ്യക്തമാക്കേണ്ടതാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന് കൃത്യമായ മറുപടി നൽകാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ 1250000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി.18/12-01-23)

## 1-30 തൊഴിലുറപ്പ് പദ്ധതി ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ

തൊഴിലുറപ്പ് പദ്ധതി ഫയലുകളിൽ പ്രത്യേകം പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലുകളിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

അപ്രൂവൽ നമ്പർ. AAP 586

എസ്റ്റിമേറ്റഡ് കോസ്റ്റ്. 82597

പദ്ധതിയുടെ പേര്. ആട്ടിൻകൂട് നിർമ്മാണം. രീച്ച്. 1.രമ പുളിക്കായത്ത്

1. പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം സ്കിൽഡ്, സെമിസ്കിൽഡ് പ്രവർത്തികൾക്ക് വകയിരുത്തിയ തുക താഴെ ചേർക്കും പ്രകാരമാണ്.

സ്കിൽഡ് - 4498.19

സെമിസ്കിൽഡ് - 5115.92

ആകെ. 9614.11

എന്നാൽ സ്കിൽഡ് പ്രവർത്തികൾക്കായി മസ്റ്ററോൾ നമ്പർ 1834/ 31-08-2021 പ്രകാരം 14560 രൂപ ചെലവിട്ടിട്ടുണ്ട്. പ്രവർത്തിയുടെ അടങ്കൽ ചെലവ് 80633 രൂപയാണ്. അതായത് സാങ്കേതിക അനുമതി നേടിയ അതേ എസ്റ്റിമേറ്റ് പ്രകാരം തന്നെയാണ് പ്രവർത്തി നടന്നിട്ടുള്ളത്. ഏതു സാഹചര്യത്തിലാണ് സ്കിൽഡ്, അൺസ്കിൽഡ് പ്രവർത്തികളുടെ ആകെത്തുക എസ്റ്റിമേറ്റിൽ നിന്ന് വർദ്ധിച്ചത് എന്ന് അറിയിക്കേണ്ടതാണ്.

2. മെറ്റീരിയൽസിന്റെ വിലയായി ആകെ 63536 രൂപ രമ ശശിധരന് നൽകിയിട്ടുണ്ട്. എന്നാൽ ഇതിലുൾപ്പെട്ട താഴെ ചേർക്കുന്ന ബില്ലുകൾ രമ ശശിധരന്റെ പേരിലല്ല . ഏത് സാഹചര്യത്തിലാണ് ഈ ബില്ലുകൾ പാസ്സാക്കി നൽകിയത് എന്ന് അറിയിക്കേണ്ടതാണ്.

ഇൻവോയ്സ് നമ്പർ. BU/2602 – 672 (കുഞ്ഞുമോൻ)

ഇൻവോയ്സ് നമ്പർ. 2637 - 11064 (ജസ്റ്റി തോമസ്)

ഇൻവോയ്സ് നമ്പർ. 510 - 2340 (ശശി)

## 1-31 കുടിവെള്ള പദ്ധതികൾക്ക് ഇലക്ട്രിസിറ്റി ചാർജ് അടവാക്കുന്നത് നിയമപരമാണോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

പഞ്ചായത്തിൽ തനതുഫണ്ട് ചെലവിട്ട് താഴെ ചേർക്കുന്ന കൺസ്യൂമർനമ്പറിലുള്ള കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിസിറ്റി ചാർജ് അടച്ചു വരുന്നതായി കാണുന്നു. തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 02/11/2005 ലെ 40206/കെ.2/05 നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിസിറ്റി ചാർജ് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് അടക്കുന്നത് വിലക്കിയിട്ടുള്ളതാണ്. എന്നാൽ സ.ഉ. നം. 3065/2016/തസ്വഭവ തിയ്യതി. 10/11/2016 പ്രകാരം Sc/ST വിഭാഗങ്ങൾ ഗുണഭോക്താക്കളായ കുടിവെള്ളപദ്ധതികളുടെ ഇലക്ട്രിസിറ്റി ചാർജ് അടക്കുന്നതിന് പിന്നീട് അനുവാദം നൽകിയിരുന്നു. എന്നാൽ താഴെ ചേർക്കുന്ന പദ്ധതികൾ എസ്.സി. എസ്.ടി പദ്ധതികളാണ് എന്നുള്ളതിനുള്ള നടപടിക്രമം ഫയലിൽ ചേർത്തിട്ടില്ല. ഏത് സാഹചര്യത്തിലാണ് ഈ കുടിവെള്ളപദ്ധതികളുടെ ഇലക്ട്രിസിറ്റി ചാർജ് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് അടവാക്കി വരുന്നത് എന്ന് അറിയിക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനം മറുപടി നൽകിയിട്ടില്ല. ഇത് പരിശോധിക്കേണ്ടതും ഇലക്ട്രിസിറ്റി ചാർജ് അടവാക്കിയതിന്റെ സാധുത ഉറപ്പു വരുത്തേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ. 28/13-01-23)

10/2021 ലെ തനതു ഫണ്ട് വൗച്ചർ പ്രകാരം.

ബിൽ നമ്പർ. 621/21 Dt.07/10/2021

ആകെ ചിലവ്. 20402

കൺസ്യൂമർ നമ്പർ - 1156761015155

1156765013624

1156765013624

1156769018326

1156761019363

1156767021622

1156761003976

ബിൽ നമ്പർ. 662/21 Dt.25/10/2021

ആകെ ചിലവ്. 6708

കൺസ്യൂമർ നമ്പർ 1156761003976

1156761015155

## 1-32 SC വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം-പട്ടികജാതി വകുപ്പിൽ നിന്നും ലാപ്ടോപ് ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

SC വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം എന്ന പദ്ധതിയിൽ താഴെപറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.
നിർവ്വഹണം:അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്റ്റ് നമ്പർ-196/22

| വൗച്ചർ നമ്പർ, തിയതി | തുക |
|---|---|

| | |
|---|---|
| 22101689/18.03.2022 | 424600 |
| 22101690/18.03.2022 | 375400 |
| 22101691/18.03.2022 | 10600 |
| 22101733/18.03.2022 | 100938 |
| 22101732/18.03.2022 | 130662 |
| ആകെ | 1422200 |

ആകെ-1042200
ആകെ വിദ്യാർത്ഥികൾ-27

ലാപ്ടോപ്പ് വിതരണം ചെയ്ത സ്ഥാപനം - അഡ്കോം സിസ്റ്റംസ്, തിരുവനന്തപുരം

ഈ പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ലാപ്ടോപ് ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/12.01.2023 ന് മറുപടി നൽകിയിട്ടില്ല. സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ മേൽപറഞ്ഞ 1042200 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-33 ST വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം-പട്ടികവർഗ്ഗവകുപ്പിൽ നിന്നും ലാപ്ടോപ് ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ:198/22(TSP)

| വൗച്ചർ നമ്പർ, തിയതി | തുക |
|---|---|
| 22101692/18.03.2022 | 154400 |
| 22101693/19.03.2022 | 38600 |
| 22101778/24.03.2022 | 39660 |
| 22101734/24.03.2022 | 37540 |
| ആകെ | 270200 |

ആകെ വിദ്യാർത്ഥികൾ- 7

ലാപ്ടോപ്പ് വിതരണം ചെയ്ത സ്ഥാപനം-അഡ്കോം സിസ്റ്റംസ്, തിരുവനന്തപുരം

ഈ പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് യഥാക്രമം പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ലാപ്ടോപ് ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/12.01.2023 ന് മറുപടി നൽകിയിട്ടില്ല.
സാക്ഷ്യപത്രംലഭ്യമാക്കാത്തതിനാൽ മേൽപറഞ്ഞ 270200 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-34 SC,STസാംസ്കാരിക നിലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

SC,STസാംസ്കാരിക നിലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2 പ്രോജക്റ്റുകളിലായി സാംസ്കാരിക നിലയങ്ങളിലേയ്ക്ക് പാത്രങ്ങൾ, ഗ്രൈന്ററർ മുതലായവ വാങ്ങുന്നതിന് താഴെപറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

1.പ്രോജക്റ്റ് നമ്പർ:210/22(SCP)

ബിൽതുക:25.08.2021-184500(22101256/25.08.2021)SCPഫണ്ട്

ബിൽതുക:16.09.2021-3645-(22100417/16.09.2021)തനത്ഫണ്ട്

തുക നൽകിയത്-BPRO Solutions- അവിണിശ്ശേരി

2.പ്രോജക്റ്റ് നമ്പർ:183/22(TSP)

ബിൽതുക:25.08.2021-275000(22101257/25.08.2021)SCPഫണ്ട്

തുക നൽകിയത്-BPRO Solutions- അവിണിശ്ശേി
പ്രോജക്റ്റുകളുടെ ആകെ ചെലവ്: 463145 രൂപ
നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി

എന്നാൽ വാങ്ങിയ ഉപകരണങ്ങൾ സാംസ്കാരികനിലയങ്ങൾ കൈപറ്റി സ്റ്റോക്കിൽ എടുത്തു എന്നതിനുള്ള രേഖകൾ

ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/12.01.2023 ന് മറുപടി നൽകിയിട്ടില്ല. ഉപകരണങ്ങൾ കൈപ്പറ്റി സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ മേൽപറഞ്ഞ 463145 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-35 വനിതാ സൗഹൃദ പഞ്ചായത്ത്-സർവ്വേ നടത്തിയതിന് തുക നൽകിയത്-സർവ്വേ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

വനിതാ സൗഹൃദ പഞ്ചായത്ത് എന്ന പ്രോജക്റ്റിൽ വനിതകളുടെ അവസ്ഥാ പഠന സർവ്വേ നടത്തുന്നതിന് 21 വ്യക്തികൾക്ക് താഴെ പറയും വിധം തുക നൽകിയിട്ടുണ്ട്.

പ്രോജക്റ്റ് നമ്പർ:184/22

ബിൽതുക:-55000(22101696/21.03.2022)
നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

എന്നാൽ സർവ്വേ പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം നൽകിയ 24/12.01.2023 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ശ്രദ്ധയിൽപെടുത്തിയപ്പോൾ സർവ്വേ പൂർത്തിയായെന്നും റിപ്പോർട്ട് ഉടൻ തയ്യാറാക്കുമെന്നും ആണ് നിർവ്വഹണോദ്യോഗസ്ഥൻ പറഞ്ഞത് . സർവ്വേ റിപ്പോർട്ട് തയ്യാറാക്കി വിവരം ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവായ 55000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 സ്കൂട്ടർ വിത്ത് സൈഡ് വീൽ-ലേണേഴ്സ് ലൈസൻസ് ഇല്ലാത്ത ഗുണഭോക്താവിന് സ്കൂട്ടർ നൽകി

സ്കൂട്ടർ വിത്ത് സൈഡ് വീൽ എന്ന പ്രോജക്റ്റിൽ താഴെപരയും നിധം തുക ചെലവഴിച്ചിട്ടുണ്ട്

പ്രോജക്റ്റ് നമ്പർ:7/22

ബിൽതുക:775992(22101662/17.03.2022)
നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

കെൽട്രോണിൽ നിന്നും 8 ഗുണഭോക്താക്കൾക്കായി ഒന്നിന് 96999 രൂപ വീതം നൽകി വാങ്ങിയ ഈ സ്കൂട്ടറുകളിൽ ഒന്ന് കൈപ്പറ്റിയ അക്ഷയ് പുരുഷൻ, പൂവ്വൻചിറ എന്ന ഗുണഭോക്താവിന്റെ ലേണേഴ്സ് ലൈസൻസ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.
ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/12.01.2023 ന് മറുപടി നൽകിയിട്ടില്ല. ലേണേഴ്സ് ലൈസൻസ് ലഭ്യമാക്കാത്ത ഗുണഭോക്താവിനായി ചെലവഴിച്ച 96999 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-37 ദുരിതാശ്വാസ നിധി - നിയമവ്യവസ്ഥകൾക്കനുസൃതമായ നടപടികളില്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

ചട്ടം 4(3) പ്രകാരം നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി പ്രസിഡന്റും, ഗ്രാമപഞ്ചായത്തംഗങ്ങൾക്കിടയിൽനിന്ന് തെരഞ്ഞെടുക്കുന്ന ഒരംഗവും സെക്രട്ടറിയുമടങ്ങുന്ന പഞ്ചായത്തിന്റെ ഒരു സബ്കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും പ്രസിഡന്റ് പ്രസ്തുത കമ്മിറ്റിയുടെ ചെയർമാനും സെക്രട്ടറി കൺവീനറുമായിരിക്കുന്നതുമാണ്.

നിധിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിൽ മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/11.01.23) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

1.ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന തരത്തിൽ സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ?

2.ദുരിതാശ്വാസനിധിക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ടോ ? (ഉണ്ടെങ്കിൽ അക്കൗണ്ട് വിവരങ്ങൾ നൽകേണ്ടതാണ്.)

3. 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം.

4. ചട്ടം 3(5) നിഷ്കർഷിക്കുന്ന തരത്തിൽ അച്ചടിച്ച ഫാറത്തിലുള്ള രശീതി തയ്യാറാക്കിയിട്ടുണ്ടോ ?

നിയമത്തിലെ ലക്ഷ്യങ്ങൾക്കനുസൃതമായി പഞ്ചായത്തിലെ നിർദ്ധനരായ വ്യക്തികൾക്ക് ഗുണകരമാകുന്ന തരത്തിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

## 1-38 അക്കൗണ്ടിങ്ങ് നയങ്ങളിലെ വ്യവസ്ഥ പാലിച്ചില്ല.

G.O.(Ms.)No.152/2011/LSGD Dt.26.07.2011 പ്രകാരം പഞ്ചായത്തുകളുടെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിനായി പുറപ്പെടുവിച്ച പ്രധാന അക്കൗണ്ടിങ്ങ് നയങ്ങൾ പ്രകാരം, ഏതെങ്കിലും പ്രൊജക്റ്റ് പ്രകാരം നിർമ്മാണത്തിലിരിക്കുന്നതോ സ്ഥാപിച്ചുകൊണ്ടിരിക്കുന്നതോ ആയ ആസ്തികളിന്മേലും പുതിയ പ്രൊജക്ടുകളിന്മേലുള്ള ക്യാപ്പിറ്റൽ ചെലവുകളും Capital Work-in-progress ആയി രേഖപ്പെടുത്തേണ്ടതാണ്.

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം16(3)-ൽ, ഓരോ നിർവ്വഹണോദ്യോഗസ്ഥനും അവരവർക്ക് ലഭിച്ച അലോട്ട്മെന്റ് തുകയുടെ ചെലവ് വിവരങ്ങൾ അടങ്ങിയ Statement Of Expenditure അടുത്തമാസം 5-ാം തീയ്യതിക്കു മുൻപായി സെക്രട്ടറിക്ക് സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

2020-21 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തതും 2021-22 സാമ്പത്തിക വർഷത്തിലേക്ക് സ്പിൽ ഓവർ ആയതുമായ 19,10,000 രൂപ അടങ്കൽ തുകയുള്ള മഞ്ഞക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ (So 326/22) എന്ന പ്രവൃത്തിയുടെ രണ്ടാം പാർട്ട് ബിൽ തുകയായ 6,71,098 രൂപ വൗച്ചർ നം.22101741/24.03.22 പ്രകാരം കരാറുകാരനായ V.M മജീദിന് നൽകിയിട്ടുണ്ട്. പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ചെലവ് Capital Work-in-progress എന്ന ഇനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

അക്കൗണ്ടിങ്ങ് നയങ്ങളിലെയും അക്കൗണ്ട്സ് ചട്ടങ്ങളിലെയും നിയമനിഷ്കർഷ പാലിക്കാത്തതിന് കാരണം നൽകേണ്ടതാണെന്നറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/12.01.23)മറുപടി ലഭിച്ചില്ല. തെറ്റായ കീഴ്വഴക്കങ്ങൾ പഞ്ചായത്തിന്റെ ശരിയായ സാമ്പത്തിക സ്ഥിതിയെ വെളിപ്പെടുത്തില്ല എന്നതിനാൽ ആവശ്യമായ ശ്രദ്ധ ഈ വിഷയത്തിൽ നൽകേണ്ടതാണ്.

## 1-39 യൂത്ത് സെന്റർ കുടിവെള്ള പദ്ധതി - സമസബന്ധിതമായി പൂർത്തീകരിച്ചില്ല

അടങ്കൽ തുക 2,10,000 രൂപയായി 2017-18 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച യൂത്ത് സെന്റർ കുടിവെള്ള പദ്ധതി എന്ന പ്രവൃത്തി 4 വർഷത്തിനു ശേഷം 2021-22ൽ പൂർത്തീകരിക്കുകയും വൗച്ചർ നം. 22101772/30.03.22 പ്രകാരം 2,07,995 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ മറ്റ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് തുക | 2,10,000 |
| ഭരണാനുമതി നം. | 1/29.05.17 |
| സാങ്കേതികാനുമതി നം. | LSGD/TS/2017-18/13915 Dt.21.03.18 |
| കരാറുകാരന്റെ പേര് | മജീദ് M.M. |
| കരാർ നം. | 162/2017-18 Dt.31.03.2018 |
| അളവു പുസ്തകം നം. | 141/2021-22 |

പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ (ടെണ്ടർ നോട്ടീസ് ലഭ്യമല്ല) 2 ടെണ്ടറുകൾ ലഭിച്ചതായി കാണുന്നു. അതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.മജീദിന്റെ ടെണ്ടർ 31.03.2018- ലെ 1/1(1) നം. തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിൽ മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/12.01.23) മറുപടി ലഭ്യമാക്കിയില്ല.

1.പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.ശ്രീ.മജീദ് ടെണ്ടറിനോടൊപ്പം സമർപ്പിച്ച പ്രാഥമിക കരാർ രേഖപ്പെടുത്തിയ മുദ്രപ്പത്രം ശ്രീ.മജീദിന്റെ പേരിൽ വാങ്ങിയതല്ല.

3.സാങ്കേതികാനുമതി ഉത്തരവ് പ്രകാരം പ്രവൃത്തിയുടെ കാലാവധി 3 മാസമാണ്. എന്നാൽ അളവു പുസ്തകപ്രകാരം(നം.141/2021-22), പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 24.03.22-നാണ്. അനുബന്ധ കരാർ ഒപ്പു വെച്ചതായി കാണുന്നില്ല. മേൽ ഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരവും ശ്രീ.മജീദും പഞ്ചായത്ത് സെക്രട്ടറിയും കക്ഷികളായി ഒപ്പുവെച്ച കരാറിലെ നിബന്ധന(നം.6) പ്രകാരവും നിശ്ചിത കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴ തുക ഈടാക്കിയിട്ടില്ല.

PWD Manual ഖണ്ഡിക 2112 പ്രകാരം, സമയമാണ് കരാറിന്റെ സത്ത. പ്രാദേശിക വികസന പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നത് പ്രാദേശിക സർക്കാരുകളിൽ നിയമപ്രകാരം നിക്ഷിപ്തമായ അധികാരവും ഉത്തരവാദിത്തവുമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ വർഷം മുഴുവൻ കുടിവെള്ള ലഭ്യത ഉറപ്പാക്കുകയെന്നത് സർക്കാർ പൊതുമുൻഗണനയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സംസ്ഥാന സർക്കാരിന്റെ ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തിക്കാൻ സമയബന്ധിതമായ ഇടപെടൽ പ്രാദേശിക സർക്കാരിന്റെ ഭഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നതിന്റെ ഉദാഹരണമായി യൂത്ത് സെന്റർ കുടിവെള്ള പദ്ധതിയുടെ നിർവ്വഹണത്തെ കാണാവുന്നതാണ്.

മറുപടിയുടെ അഭാവത്തിൽ ചെലവു തുക 2,07,995 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-40 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം രേഖപ്പെടുത്തിയില്ല.

ചെനൂത്ര കാന നിർമ്മാണം - വാർഡ് നം.2 എന്ന പ്രവൃത്തിക്കായി CFC ഗ്രാന്റിൽ നിന്നും വൗച്ചർ നം. 22101676/19.03.22 പ്രകാരം 4,98,015 രൂപ ചെലവഴിച്ചിട്ടുണ്ട്. കാന, Irish Drain എന്നിവയുടെ നിർമ്മാണത്തിനായി താഴെ ചേർത്ത പ്രകാരം മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.

| ഇനം | അളവ്(m3) | അളവുപുസ്തക പേജ് നം. |
|---|---|---|
| 1.1<br>(കാന) | 30.312 | 1 |
| 2.1<br>(Irish Drain) | 54.377 | 7 |
| ആകെ | 84.689 | |

അളവുപുസ്തകം നം.79/2021-22 പേജ് നം.1-ൽ കാനക്ക് വേണ്ടി കുഴിച്ചെടുത്ത മണ്ണിന്റെ വിവരങ്ങൾ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Irish Drain-നായി കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മേൽ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ആകെ ലഭിച്ച 84.689m3 മണ്ണ് ലേലം വിളിച്ചതിന്റെയോ മറ്റ് തരത്തിൽ വിനിയോഗിച്ചതിന്റെയോ വിവരം ഫയലിൽനിന്നും ലഭ്യമല്ല.

ഈ സാഹചര്യത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/12.01.23) മറുപടി നൽകിയില്ല.

കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരങ്ങളോ മണ്ണ് ലേലം വിളിച്ച് നൽകിയതിന്റെ വിവരങ്ങളോ നൽകേണ്ടതാണ്.

## 1-41 സ്പിൽ ഓവർ പദ്ധതികളുടെ എണ്ണത്തിലുള്ള വർദ്ധന

13-ാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ)നം.11/2018/തസ്വഭവ തീ. 29.01.2018) യിലെ ഖ.10.1(6)-ൽ, ഭേദഗതി ചെയ്യുന്ന സ്പിൽ ഓവർ പ്രൊജക്റ്റുകൾക്ക് യാതൊരു കാരണവശാലും ക്യാരിഓവർ വിഹിതം ലഭിക്കുന്നതല്ലെന്നും അത്തരം പ്രൊജക്റ്റുകൾ പൂർത്തീകരിക്കുന്നതിന് വേണ്ട തുക വാർഷിക പദ്ധതിക്ക് ലഭ്യമായ വിഹിതത്തിൽ നിന്ന് തന്നെ കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ തന്നെ സ്പിൽ ഓവർ പദ്ധതികളെ നിരുത്സാഹപ്പെടുത്തുന്നു എന്നത് മാർഗ്ഗരേഖയിൽ നിന്നുതന്നെ വ്യക്തമാണെന്നിരിക്കെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പദ്ധതികളിൽ സ്പിൽ ഓവർ പദ്ധതികളുടെ വർദ്ധന ഒട്ടും ന്യായീകരിക്കാവുന്നതല്ല.

സുലേഖ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും ലഭിച്ച അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ പദ്ധതികളുടെ എണ്ണം | 197 |
| പുതിയ പദ്ധതികളുടെ എണ്ണം | 126 |
| പൂർത്തിയാക്കിയ പുതിയ പദ്ധതികളുടെ എണ്ണം | 83 |
| പൂർത്തിയാക്കാത്ത പുതിയ പദ്ധതികളുടെ എണ്ണം | 43 |
| സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം | 71 |
| പൂർത്തിയാക്കിയ സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം | 61 |
| പൂർത്തിയാക്കാത്ത സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം | 10 |

മേൽ പട്ടികയിൽ നിന്നും പുതിയ പദ്ധതികളിൽ 43 എണ്ണവും (34%) സ്പിൽ ഓവർ പദ്ധതികളിൽ 10 എണ്ണവുമടക്കം (14%) 53 പദ്ധതികളിൽ തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ലെന്ന് കാണാം. ഇത്തരം സാഹചര്യത്തിന് നിർവ്വഹണോദ്യോഗസ്ഥന് എന്തെങ്കിലും തരത്തിലുള്ള ന്യായീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറിയിലൂടെ (നം.10/11.01.23) അവസരം നൽകിയെങ്കിലും പ്രതികരണം ലഭിച്ചില്ല.

സ്പിൽ ഓവർ പദ്ധതികൾക്ക് ക്യാരി ഓവർ വിഹിതം ലഭിക്കില്ല എന്നതിനാൽ തന്നെ, സ്പിൽ ഓവർ പദ്ധതികൾക്ക് വിഭവം കണ്ടെത്തേണ്ടതിനായി തൻ വർഷം വിഭാവനം ചെയ്യേണ്ട പദ്ധതികളുടെ എണ്ണത്തിൽ വിട്ടുവീഴ്ച ചെയ്യേണ്ടതായി വരുന്നത് പഞ്ചായത്തിന്റെ മൊത്തത്തിലുള്ള ആസൂത്രണത്തെ പ്രതികൂലമായി ബാധിക്കാൻ ഏറെ സാധ്യതയുണ്ട്.

നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തത്തെപ്പറ്റിയും മേൽനോട്ടത്തിന്റെ ആവശ്യകതയെപ്പറ്റിയും പ്രസ്താവിക്കുന്ന PWD മാന്വലിലെ ഏതാനും ചില വ്യവസ്ഥകൾ താഴെ ചേർക്കുന്നു;

I)കൃത്യമായി ശരിയായ സ്പെസിഫിക്കേഷൻ അനുസരിച്ചാണ് നിർവ്വഹണം നടത്തിയതെന്ന് ഉറപ്പാക്കുന്നതിന് എല്ലാ പ്രവൃത്തികളും കൃത്യമായി മേൽനോട്ടം വഹിക്കേണ്ടതാണ്. പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഫലപ്രദമായ മേൽനോട്ടം നിർബന്ധമാക്കേണ്ടതുണ്ട്.(ഖ.2103)

II)കരാറിന്റെ വ്യവസ്ഥകൾക്കനുസൃതമായി സ്പെസിഫിക്കേഷനുകൾ അനുസരിച്ച് ജോലിയുടെ ശരിയായ നിർവ്വഹണം

നടത്തുന്നതിന് കരാർ ഒപ്പുവെച്ച ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കും.(2101.1)

നിർവ്വഹണോദ്യോഗസ്ഥന്റെ കൃത്യമായ മേൽനോട്ടം പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഉണ്ടാകുന്ന അപാകതകൾ ഒരുപരിധി വരെ കുറക്കുന്നതിന് സഹായകമാകുമെന്നതിനാൽ മരാമത്ത് പ്രവൃത്തികളുടെ എണ്ണത്തിൽ പരിധിവെക്കുന്ന വിഷയത്തിലേക്ക് ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു. മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന വിധത്തിൽ, ലഭ്യമായ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യം വെച്ചുകൊണ്ടുള്ള ആസൂത്രണത്തിനാവശ്യമായ നടപടികൾ ഉണ്ടാവേണ്ടതുണ്ട്.

## 1-42 മരാമത്ത് പ്രവൃത്തികളിൽ മോണിട്ടറിങ്ങിന്റെ അഭാവം

13-ാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ)11/2018 /തസ്വഭവ തീ.29.01.2018)യിലെ ഖണ്ഡിക13.1-ൽ, പ്രൊജക്റ്റ് മോണിട്ടറിങ്ങ് അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്നും മോണിട്ടറിങ്ങ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിൽ മേൽ സർക്കാർ നിർദ്ദേശം നടപ്പിലാക്കിയതായി കാണുന്നില്ല. ഈ വിഷയത്തിൽ മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/11/01/23) തൃപ്തികരമായ മറുപടി ലഭിക്കുകയുണ്ടായില്ല. പദ്ധതി നിർവ്വഹണത്തിൽ മോണിട്ടറിങ്ങിനുള്ള പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടുള്ള നടപടികൾ നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ചെലഴിച്ച ഫണ്ട് വിനിയോഗം

വാർഷിക കണക്ക പ്രകാരം തൻവർഷം ലഭിച്ച സംയുക്തപ്രോജക്ടുകളിൽ വർഷാവസാനം ചെലവഴിക്കാനായി തുക ബാക്കി നിൽക്കുന്നില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയിൽ ചെലവഴിക്കാൻ ബാക്കിയായി വർഷാവസാനം തുകയൊന്നും അവശേഷിക്കുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ലോൺ | ലഭ്യമല്ല | ലഭ്യമല്ല | 13997667 | 3886667 | | 10111000 |

| | | | | | | |
|---|---|---|---|---|---|---|
| | | | 13997667 | 3886667 | | 10111000 |

4-5 സ്ഥിര നിക്ഷേപം

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 173103961 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 176416434 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4172959 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 154900 | ശ്രീ വാസുദേവൻ പി,അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 49997 | ശ്രീമതി.നിർമ്മലാദേവി.പി.സി,ഹെഡ്മിസ്ട്രസ്സ്,<br>ജി.എൽ.പി.എസ്, പട്ടിക്കാട് |
| 1-27 | 306591 | ശ്രീ.പ്രദീപ്.കെ. സെക്രട്ടറി |
| 1-27 | 275932 | ശ്രീ.ജോൺ.പി.ആർ. സെക്രട്ടറി |
| 1-29 | 1250000 | ശ്രീ.ജോൺ.പി.ആർ. സെക്രട്ടറി |
| 1-32 | 1042200 | ശ്രീ വാസുദേവൻ പി,അസിസ്റ്റന്റ് സെക്രട്ടറി |
| 1-33 | 270200 | ശ്രീ വാസുദേവൻ പി,അസിസ്റ്റന്റ് സെക്രട്ടറി |
| 1-34 | 463145 | ശ്രീ വാസുദേവൻ പി,അസിസ്റ്റന്റ് സെക്രട്ടറി |
| 1-35 | 55000 | ശ്രീമതി നിത കെ എം, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-36 | 96999 | ശ്രീമതി നിത കെ എം,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-39 | 2,07,995 | ശ്രീമതി സുജയ എ.എസ്,അസിസ്റ്റൻറ് എഞ്ചിനീയർ |
| ആകെ | 4172959 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രദീപ്.കെ, സെക്രട്ടറി | സെക്രട്ടറി, നടത്തറ ഗ്രാമപഞ്ചായത്ത് | കോമ്പിയിൽ ഹൗസ്, പൂങ്കുന്നം, തൃശ്ശൂർ. |
| ശ്രീ.വാസുദേവൻ.പി, അസി.സെക്രട്ടറി | അസി.സെക്രട്ടറി, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | പെരുനെല്ലി വീട്, പുതിയാർകുളങ്ങര.പി.ഒ, തൃശ്ശൂർ. |
| ശ്രീമതി.നിർമ്മലാദേവി.പി.സി, ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, പട്ടിക്കാട് | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്, പട്ടിക്കാട് | ചൈത്രം, എരവിമംഗലത്ത് ഹൗസ്, എരവിമംഗലം.പി.ഒ, തൃശ്ശൂർ. |
| ശ്രീ.ജോൺ.പി.ആർ സെക്രട്ടറി | സെക്രട്ടറി,പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | പറമ്പൻ വീട് ,ഒല്ലൂർ, തൈക്കാട്ടുശ്ശേരി.പി.ഒ. |
| ശ്രീമതി നിത കെ എം, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | രോഹിണിനിവാസ്,പാണ്ടിക്കാവ് സ്ട്രീറ്റ്,വിയ്യൂർ,തൃശ്ശൂർ-680008 |
| ശ്രീമതി സുജയ.എ.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | തട്ടാപറമ്പിൽ വീട്,റോയൽ സ്ട്രീറ്റ്,എഞ്ചിനീയറിംഗ് കോളേജ്.പി.ഒ,തിരുവനന്തപുരം |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

4. ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമനം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1996-97 (ചെലവ്) | LFT11-1430/98 Dt.12.4.99 | 16 | 4, 5, 6, 7, 8, 9, 11, 12, 13, 14, 15, 16, 17, 18, 22, 23 | |
| 2 | 1997-98 (ചെലവ്) | LFT11-1428/98 Dt.12.4.99 | 20 | 7, 8, 9, 10, 11, 12, 13, 15(1), 15(2), 16, 17, 18, 19, 20, 22(1), 22(2), 23, 24, 29, 31 | |
| 3 | 1998-99 (വരവ്) | LFT11-1761/07 Dt. 24.5.08 | 2 | 2-3, 2-4 | |
| 4 | 1998-99 (ചെലവ്) | LFT11/1148/2000 Dt. 3.12.01 | 27 | 6, 8, 9, 11, 12, 13, 14, 15, 16, 17, 25, 28, 29, 30, 31, 34, 35, 36, 37, 40, 41, 42, 45, 46, 47, 48, 49 | |
| 5 | 1999-00 (വരവ്) | LFT11-2364/27.5.08 | 2 | 2-4, 2-5 | 2-4 CAR |
| 6 | 1999-00 (ചെലവ്) | LFT11-757/03 Dt. 14.1.14 | 23 | 5, 6, 8, 9, 10, 11, 12, 14, 15, 16, 17, 18, 21, 22, 23, 24, 25, 26, 27, 28, 29, 30, 31 | 18 - CAR |
| 7 | 2000-01 (വരവ്-ചെലവ്) | LFT11/1734/07 Dt.27.5.08 | 5 | 2-2, 2-3, 3-2, 3-3, 3-5 | 2-3 CAR |

| | | | | | |
|---|---|---|---|---|---|
| 8 | 2000-01,<br>2001-02<br>(ജനകീയാസൂത്രണം) | LFT11-287/04<br>Dt.21.5.04 | 21 | 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23 | 6 - CAR<br>20 - Case<br>22 - CAR, Case |
| 9 | 2001-02 | LFT11-1733/07<br>Dt.5.12.09 | 30 | 2-1, 2-2, 2-3, 2-4,<br>2-5, 2-6, 2-7, 2-9,<br>3-1, 3-2, 3-3, 3-4,<br>3-5, 3-6, 3-7, 3-8,<br>3-9, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20,<br>3-21, 3-22, 3-23 | |
| 10 | 2002-03 | LFT11-1048/08<br>Dt. 31.8.09 | 6 | 3-5, 3-8, 3-9, 3-13,<br>3-14, 3-15 | |
| 11 | 2003-04 | LFT11-1049/08<br>Dt. 31.8.07 | 5 | 3-1, 3-3, 3-4, 3-8, 3-9 | |
| 12 | 2004-05 | LFT11-291/09<br>Dt. 2.3.2010 | 9 | 3-1, 3-3, 3-7, 3-10,<br>3-12, 3-14, 3-15, 3-16, 3-17 | |
| 13 | 2005-06 | LFT11-1738/09<br>Dt. 13.02.10 | 7 | 3-6, 3-7, 3-8, 3-10,<br>3-11, 3-12, 3-14 | |
| 14 | 2006-07 | LFT11-1739/09<br>Dt. 24.7.10/16.12.10 | 10 | 3-1, 3-2, 3-3, 3-5,<br>3-7, 3-9, 3-10, 3-11, 3-13, 3-14 | |
| 15 | 2007-08 | LFTP4-88/12<br>Dt. 30.03.12 | 3 | 3-6, 3-7, 3-8 | |
| 16 | 2009-10 | LFTP4-90/12<br>Dt. 09.04.12 | 2 | 3-7, 3-8 | |
| 17 | 2010-11 | LFT4-91/2<br>Dt. 04.04.12 | 4 | 3-6, 3-7, 3-9, 3-10 | |
| 18 | 2011-12 | LFTP4-855/13 | 3 | 3-1, 3-2, 3-9 | |
| 19 | 2012-13 | LFTP8-218/14<br>Dt. 05.07.14 | 2 | 3-1, 3-9 | |
| 20 | 2013-14 | LFTP8-13/15<br>Dt. 8.5.15/25.7.15 | 21 | 3-1, 3-2, 3-3, 3-4,<br>3-6, 3-11, 3-14, 3-15, 3-16, 3-19, 3-20, 3-21, 3-22, 3-23, 3-24,<br>3-26, 3-27, 3-29,<br>3-30, 3-31, 3-32 | |

| | | | | | |
|---|---|---|---|---|---|
| 21 | 2014-15 | KSATSR (P8)-1064/16 Dt.30.6.16 | 8 | 2-2, 2-3, 3-1, 3-3, 3-4, 3-5, 3-13, 3-21 | 2-2, 2-3 CAR (2016-17) |
| 22 | 2015-16 | KSATSR (P8)-1891/16 Dt. 01.11.16/5.12.16 | 3 | 3-6, 3-7, 3-14 | |
| 23 | 2016-17 | KSATSR (P8)-799/2019 /11.6.19 | 8 | 3-2, 3-4, 3-5, 3-6 3-7, 3-8, 3-10, 3-11 | |
| 24 | 2017-18 | KSATSR (P8)-799/2019 Dt. 11.6.19 | 12 | 3-1, 3-3, 3-4, 3-5, 3-6, 3-9, 3-11, 3-12, 3-17, 3-18, 3-19, 3-20 | |
| 25 | 2018-19 | KSA.TSR(P8)322/2020 Dt15-1-20 | 29 | | |
| 26 | 2019-20 | KSA.TSR(P11)1204/21 Dt.17-3-22 | | | |
| 27 | 2020-2021 | KSA.TSR(P11)1205/2020 Dt17-3-22 | | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്